# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE : 25/08/2023** |
| **Class Note** | **Lesson: വിധിവാക്യം, നിഷേധവാക്യം** | **Topic: OTQ & Descriptive** |

## വിധിവാക്യം, നിഷേധവാക്യം

### അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കുന്ന രീതി:

ഒരു കാര്യം 'ഉണ്ട്' അല്ലെങ്കിൽ 'ആണ്' എന്നു പറയുന്ന വാക്യമാണ് വിധിവാക്യം.

ഒരു കാര്യം 'ഇല്ല' അല്ലെങ്കിൽ 'അല്ല' എന്നു നിഷേധിക്കുന്ന വാക്യമാണ് നിഷേധവകൃം.

വിധിവാക്യത്തെ അർത്ഥവ്യത്യാസം വരാതെ നിഷേധവാക്യമാക്കാൻ രണ്ടു നിഷേധ രൂപങ്ങൾ ഒന്നിച്ചു ചേർക്കുകയോ അർത്ഥവ്യത്യാസം വരാതെ വിപരീതപദങ്ങൾ ഉപയോഗിക്കുകയോ ചെയ്യാം. സാധാരണക്രിയയോടു ചേർക്കുന്ന നിഷേധരൂപങ്ങൾ 'ആതെ, ഇല്ല, അല്ല, അരുത്, പാടില്ല' തുടങ്ങിയവയാണ്. ഉദാ:

1. സത്യം പറയണം. — വിധി
   സത്യം പറയാതിരിക്കരുത്/ അസത്യം പറയരുത്. — നിഷേധം
2. ധർമ്മം ചെയ്യണം. — വിധി
   ധർമ്മം ചെയ്യാതിരിക്കരുത് /അധർമ്മം ചെയ്യരുത്. — നിഷേധം
3. എല്ലാവരും വന്നിട്ടുണ്ട്. — വിധി
   ഒരാളും വരാതെയില്ല /വരാതിരുന്നിട്ടില്ല. — നിഷേധം
4. ഇന്ന് അവധിയായിരുന്നിട്ടും സിറ്റിയിൽ കടകൾ തുറന്നു. — വിധി
   ഇന്ന് അവധിയായിരുന്നിട്ടും സിറ്റിയിൽ കടകൾ തുറക്കാതിരുന്നില്ല. — നിഷേധം
5. നന്നായി പഠിച്ചതിനാൽ അവന് നല്ല മാർക്ക് കിട്ടി. — വിധി
   നന്നായി പഠിച്ചതിനാൽ അവന് നല്ല മാർക്ക് കിട്ടാതിരുന്നില്ല. — നിഷേധം
9. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളുടെ മുന്നിലാണ്. — വിധി
   വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളുടെ പിന്നിലല്ല. — നിഷേധം
10. നിങ്ങൾ നന്നായി ജോലി ചെയ്യണം. — വിധി
    നിങ്ങൾ നന്നായി ജോലി ചെയ്യാതിരിക്കരുത് / നിങ്ങൾ മോശമായി ജോലി ചെയ്യരുത്. — നിഷേധം
11. അവൻ ഇന്ന് ബോംബയ്ക്ക് പോകും. — വിധി
    അവൻ ഇന്ന് ബോംബയ്ക്ക് പോകാതിരിക്കില്ല/ പോകാതിരിക്കുകയില്ല. — നിഷേധം
12. രാത്രിയിൽ മഴ പെയ്തെങ്കിലും ആകാശത്ത് നക്ഷത്രങ്ങൾ ഉണ്ടായിരുന്നു. — വിധി
    രാത്രിയിൽ മഴ പെയ്തെങ്കിലും ആകാശത്ത് നക്ഷത്രങ്ങൾ ഇല്ലാതിരുന്നില്ല. — നിഷേധം

***